കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മട്ടന്നൂർ നഗരസഭ - ഐ.എച്ച്.എസ്.ഡി.പി. രണ്ടാം ഘട്ട പദ്ധതി - എൽ.ഡി. ക്ലാർക്കിന്റെ നിയമന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1958/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 29.06.2015

================================================================================

പരാമർശം:-
1) 03.06.2013-ലെ സ.ഉ. (സാധാ) നം.1444/2013/തസ്വഭവ. നമ്പർ ഉത്തരവ്.
2) മട്ടന്നൂർ നഗരസഭാ കൗൺസിലിന്റെ 15.07.2014-ലെ 20-ാം നമ്പർ തീരുമാനം.
3) നഗരകാര്യ ഡയറക്ടറുടെ 04.08.2014, 02.02.2015 തീയതികളിലെ ഇ7-10357/12 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

മട്ടന്നൂർ നഗരസഭയിൽ ഐ.എച്ച്.എസ്.ഡി.പി. രണ്ടാംഘട്ട പദ്ധതി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട എൽ.ഡി. ക്ലാർക്കിന്റെ കാലാവധി 03.06.2014-ൽ പരാമർശം (1) ലെ ഉത്തരവു പ്രകാരം അവസാനിച്ചിരുന്നു. ഐ.എച്ച്.എസ്.ഡി.പി. പദ്ധതിയുടെ കാലാവധി 31.03.2015 വരെ ദീർഘിപ്പിച്ചതിനാൽ എൽ.ഡി. ക്ലാർക്കിന്റെ നിയമന കാലാവധി ദീർഘിപ്പിക്കണമെന്ന പരാമർശം (2) പ്രകാരമുള്ള കൗൺസിൽ തീരുമാനമുൾപ്പെടെ നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഐ.എച്ച്.എസ്.ഡി.പി. പദ്ധതിയുടെ കാലാവധി 31.03.2015 വരെ ദീർഘിപ്പിച്ച സാഹചര്യത്തിൽ പദ്ധതി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് നിലവിലുള്ള എൽ.ഡി. ക്ലാർക്കിന്റെ കാലാവധി 10.07.2012-ലെ 56056/ഇയു3/11/തസ്വഭവ. നമ്പർ സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി 04.06.2014 മുതൽ 31.03.2015 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**സൈമൺ.എച്ച്.,**
**ഡെപ്യൂട്ടി സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, മട്ടന്നൂർ നഗരസഭ.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**